**A**

# സമഗ്ര ശിക്ഷാ കേരളം

**304**

## വാർഷിക മൂല്യനിർണ്ണയം 2022-23

## പരിസരപഠനം

**ക്ലാസ് - 3** **സമയം: 2 മണിക്കൂർ**

കുട്ടിയുടെ പേര് ....................................................

വിദ്യാലയത്തിന്റെ പേര് ....................................................

ഡിവിഷൻ ....................................................

അധ്യാപകന്റെ ഒപ്പ് ....................................................

രക്ഷിതാവിന്റെ ഒപ്പ് ....................................................

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | ലഭിച്ച ഗ്രേഡ് |
|---|---|---|
| 1 | വസ്ത്രങ്ങൾ വസ്ത്രങ്ങൾ | |
| 2 | ഭൂമിയെ അറിയാം | |
| 3 | ഭൂപടം നോക്കാം | |
| 4 | സുരക്ഷിത യാത്ര | |
| 5 | മണ്ണിനെ അറിയാം | |
| 6 | എന്റെ കേരളം | |
| ഓവറോൾ ഗ്രേഡ് | | |

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് പതിനഞ്ചു മിനുട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസിലാക്കാനുള്ളതാണ്.
2. തന്നിരിക്കുന്ന ആറു പ്രവർത്തനങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.
3. തിരഞ്ഞെടുത്ത ചോദ്യങ്ങളുടെ എല്ലാ ഉപചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

**പ്രവർത്തനം 1 - വസ്ത്രങ്ങൾ വസ്ത്രങ്ങൾ**

എ) വ്യത്യസ്ത സന്ദർഭങ്ങളിൽ വിവിധ ആളുകൾ ഉപയോഗിക്കുന്ന വസ്ത്രങ്ങളാണ് ചിത്രത്തിൽ കാണുന്നത്. ഇവ ഏതു നൂലുകൊണ്ട് നിർമ്മിച്ചതായിരിക്കും? നൂൽ നിർമ്മിക്കുന്നതിനാവശ്യമായ നാര് ലഭിച്ചത് എവിടെനിന്നാകും?



കമ്പിളിവസ്ത്രം



പട്ടുവസ്ത്രം



പരുത്തിവസ്ത്രം

| കമ്പിളിവസ്ത്രം | പട്ടുവസ്ത്രം | പരുത്തിവസ്ത്രം |
|---|---|---|
| .............................. | .............................. | പരുത്തി നാര് |
| .............................. | .............................. | പരുത്തിച്ചെടി |

ബി) വസ്ത്രങ്ങൾ നമുക്ക് എങ്ങനെയെല്ലാമാണ് ഉപകാരപ്പെടുന്നത്?

- 

- 

- 

**പ്രവർത്തനം - 2 ഭൂമിയെ അറിയാം**

എ) താഴെ കൊടുത്തിരിക്കുന്നവയിൽ ഭൂമിയുടെ ആകൃതിക്ക് സമാനമായത് ഏത്?


A


B


C

ബി) കടൽ ഏതു നിറത്തിലാണ് ഗ്ലോബിൽ അടയാളപ്പെടുത്തിയിരിക്കുന്നത്?

സി) ഭൂമിയിൽ മൂന്നിൽ രണ്ടു ഭാഗവും ജലമാണല്ലോ. മനുഷ്യന്റെ ഇടപെടലുകൾകൊണ്ട് ജലാശയങ്ങൾ അനുദിനം മലിനമായിക്കൊണ്ടിരിക്കുകയാണ്. മാർച്ച് 22 ന് ലോക ജലദിനമാണ്. ഇതിനോടനുബന്ധിച്ച് വിദ്യാലയത്തിൽ പ്രദർശിപ്പിക്കുന്നതിനായി ജലമലിനീകരണത്തിനെതിരെയുള്ള ഒരു പോസ്റ്റർ തയ്യാറാക്കൂ.

## പ്രവർത്തനം - 3 ഭൂപടം നോക്കാം

### കേരളം




എ) ഭൂപടത്തിൽ അടയാളപ്പെടുത്തിയ ജില്ലകളുടെ പേരെഴുതൂ.

ബി) ഭൂപടത്തിൽ നിങ്ങളുടെ ജില്ല കണ്ടെത്തി നിറം നൽകൂ.

സി) നിങ്ങളുടെ ജില്ലയിലെ പ്രധാനപ്പെട്ട സ്ഥലങ്ങൾ, മറ്റു സവിശേഷതകൾ എന്നിവ ഉൾപ്പെടുത്തി ഒരു കുറിപ്പ് തയ്യാറാക്കൂ.

എന്റെ ജില്ല

## പ്രവർത്തനം - 4 സുരക്ഷിതയാത്ര



എ) മുകളിൽ കൊടുത്തിരിക്കുന്ന ചിത്രത്തിൽ അപകടം ഉണ്ടാവാൻ സാധ്യതയുള്ള സന്ദർഭങ്ങൾ കണ്ടെത്തിയെഴുതൂ.

ബി) അടയാളവിളക്കിലെ നിറങ്ങളും സൂചനകളും എഴുതൂ.



| നിറം | സൂചന |
| --- | --- |
| | |
| മഞ്ഞ | |
| | |

**പ്രവർത്തനം - 5 മണ്ണിനെ അറിയാം**

എല്ലാ മണ്ണും ഒരുപോലെയല്ലല്ലോ?

എ) ഒരുതരം മണ്ണ് മറ്റൊരുതരം മണ്ണിൽനിന്ന് എങ്ങനെയെല്ലാം വ്യത്യാസപ്പെട്ടിരിക്കുന്നു എന്നെഴുതൂ.

•

•

•

•

•

ബി) മണ്ണുകൾ വ്യത്യസ്തമാണെന്ന് തെളിയിക്കുന്നതിനുള്ള ഏതെങ്കിലുമൊരു പരീക്ഷണക്കുറിപ്പു തയാറാക്കൂ.

സാമഗ്രികൾ :

ചെയ്യുന്ന വിധം :

നിഗമനം :

**പ്രവർത്തനം - 6 എന്റെ കേരളം**

എ) കാഴ്ചബംഗ്ലാവ് കാണാൻ പോയ അന്നു പകർത്തിയ ചിത്രങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്. അവയിൽ കേരളത്തിന്റെ സംസ്ഥാനമൃഗത്തിന്റെയും, സംസ്ഥാന പക്ഷിയുടെയും ചിത്രത്തിനു ചുറ്റും വട്ടം വരയ്ക്കൂ.



ബി) താഴെ കൊടുത്തിരിക്കുന്ന സ്ഥലങ്ങൾ ഏതെല്ലാം ജില്ലയിലാണെന്നുകണ്ടെത്തി എഴുതൂ.

